# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1426 08/02/2013 ൽ മറുപടിക്ക്

## കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹിം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |

(എ) കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണ് ;

(എ) കോഴിക്കോട് നഗരപാതാ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ താഴെപ്പറയുന്നവയാണ്.

1. സ്റ്റേഡിയം- പുതിയറ റോഡ്
2. കോവൂർ- വെള്ളിമാട്കുന്ന് റോഡ്
3. കാരപ്പറമ്പ്- കല്ലുത്താൻകടവ് റോഡ്
4. ഗാന്ധി റോഡ്- മിനി ബൈപ്പാസ് റോഡ്
5. പനത്ത്താഴം- സി. ഡബ്ല്യൂ. ആർ. ഡി. എം റോഡ്
6. മാനാഞ്ചിറ- വെള്ളിമാട്കുന്ന് റോഡ്
7. ഫ്രാൻസിസ് റോഡ്- പുഷ്പ ജംഗ്ഷൻ - മാങ്കാവ് ജംഗ്ഷൻ

താഴെപ്പറയുന്ന റോഡുകൾ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. കരിക്കാംകുളം- സിവിൽ സ്റ്റേഷൻ- കോട്ടൂളി റോഡ്
2. മുഴിക്കൽ- കാളാണ്ടിത്താഴം റോഡ്
3. വെസ്റ്റ്ഹിൽ ചുങ്കം- ഭട്ട് റോഡ്
4. കോവൂർ- മെഡിക്കൽ കോളേജ് മുണ്ടിക്കൽതാഴം റോഡ്
5. പുതിയങ്ങാടി- തണ്ണീർപന്തൽ റോഡ്
6. കോസ്റ്റൽ റോഡ്- ഭട്ട് റോഡ്- കോതി- മീഞ്ചന്ത

(ബി) ഇവയ്ക്ക് ഭരണാനുമതി നൽകിയ തീയതി ഏതെന്നും ഓരോന്നിന്റെയും തുക എത്ര വീതമാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഒന്നാം ഘട്ടത്തിൽ ലാന്റ് അക്വിസിഷന് ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം. | റോഡ് | ഭരണാനുമതി ലഭിച്ച തീയതി | തുക (കോടി) |
|---|---|---|---|
| 1 | സ്റ്റേഡിയം- പുതിയറ | 21/03/07 | 2.2 |
| 2 | വെള്ളിമാട്കുന്ന് - കോവൂർ | 08/09/08 | 6.3 |

| | | | |
|---|---|---|---|
| 3 | പനത്ത്താഴം-സി .ഡബ്ല്യൂ .ആർ.ഡി.എം | 08/09/08 | 18.1 |
| 4 | കാരപ്പറമ്പ്-കല്ലുത്താൻകടവ് | 08/09/08 | 7.5 |
| 5 | മാനാഞ്ചിറ-വെള്ളിമാട്കുന്ന് | 08/09/08 | 5.2 |
| 6 | ഗാന്ധി റോഡ്-മിനി ബൈപ്പാസ് | 22/10/08 | 11.32 |
| 7 | ഫ്രാൻസിസ് റോഡ്-പുഷ്പ ജംഗ്ഷൻ -മങ്കാവ് ജംഗ്ഷൻ | 05/06/10 | 16 |

(സി) ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സങ്ങ ളുണ്ടോ ;

(സി) ഏതാനും പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ബഹു.മാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ സ്റ്റേ ഓർഡറുകൾ ഒഴിച്ചാൽ വേറേ തടസ്സങ്ങളൊന്നുമില്ല.

(ഡി) പ്രസ്തുത റോഡുകൾ സിറ്റിക്കു പുറത്തെ ഏതെങ്കിലും ജംഗ്ഷനുകളുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് നഗരപാതാ വികസന പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളും കോർപ്പറേഷൻ പരിധിയ്ക്കുള്ളിൽ വരുന്ന റോഡുകളാണ്. കോർപ്പറേഷൻ പരിധിയ്ക്കു പുറത്തുള്ള ജംഗ്ഷനുകളുമായി അവയെ ബന്ധപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) സി.ഡബ്ല്യൂ.ആർ.ഡി.എം. വരെയുള്ള റോഡ് ചേരിഞ്ചാൽ വഴി കുന്ദമംഗലവുമായും സി.ഡബ്ല്യൂ.ആർ.ഡി.എം. വഴി മിൽമാ ജംഗ്ഷനുമായും ബന്ധിപ്പിക്കുന്നത് കൂടുതൽ ഉപയോഗപ്രദമാകുമെന്ന് കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ മേൽപ്രവൃത്തിക്കുള്ള ഫണ്ടിൽ നിന്ന് പ്രസ്തുത പ്രവൃത്തി കൂടി ഏറ്റെടുക്കുന്നതിന് തയ്യാറാവുമോ ?

(ഇ) & (എഫ്) പനത്ത്താഴം-സി.ഡബ്ല്യൂ.ആർ.ഡി.എം റോഡ്, കോർപ്പറേഷൻ അതിർത്തിയായ സി.ഡബ്ല്യൂ.ആർ.ഡി.എം വരെയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. നഗരപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ